ഫണ്ടിലും അതിന്മേൽ ഉകയ്ക്കുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഉടർ സ്കീമുകളിൽ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾ അംഗീകാരം ലഭിച്ചു നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്.

(സി) കുട്ടനാട് പാക്കേജിൻകീഴിൽ അംഗീകാരം ലഭിച്ച 1268.563 കോടി രൂപയിൽ 575.48 കോടി രൂപ റിലീസ് ചെയ്യുകയും ആയതിൽ നാളിതുവരെ മൊത്തം ചെലവഴിച്ചത് 507.801 കോടി രൂപയുമാണ്.

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകതകൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്നത് പരിഹരിക്കാനായി ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകാറുണ്ട്.

സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ

9 (*279) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്. ഈ വർഷം സംസ്ഥാനത്തെ 3825 സ്കൂളുകളിൽ 1 M^3 വലിപ്പത്തിലുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ച് നടപ്പാക്കിവരുന്നു. RAIDCO, KAICO എന്നീ ഏജൻസികൾ മുഖേനയാണ് പ്ലാന്റുകൾ സ്ഥാപിച്ചിരിക്കുന്നത്.

(ബി) കേരളത്തിലെ സ്കൂളുകളിലെ ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ ശേഖരിച്ച് പരിസര മലിനീകരണം കൂടാതെ സംസ്കരിക്കുക, സ്കൂളുകളിലെ ഉച്ചഭക്ഷണം ഉണ്ടാക്കുന്നതിനാവശ്യമായ ഇന്ധനം ഏറ്റവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗത്തിൽ ലഭ്യമാക്കുക, പച്ചക്കറി കൃഷിയിൽനിന്നും ഉണ്ടാകുന്ന പാഴ്വസ്തുക്കൾ ബയോഗ്യാസും ജൈവവളവുമായി മാറ്റുന്നതിനുള്ള പ്രവർത്തി പരിചയം നൽകുക, വിദ്യാർത്ഥി സമൂഹത്തിന് വിഷവിമുക്തമായ പച്ചക്കറി ഉത്പന്നം ലഭ്യമാക്കുക, പരിസര സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികൾക്ക് ഹൃദിസ്ഥമാക്കുക, വിദ്യാർത്ഥികളുടെ ഒഴിവുവേള ഫലപ്രദമായി ഉപയോഗിക്കുക എന്നിങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(സി) സ്കൂളുകളിലെ ജൈവാവശിഷ്ടങ്ങളുടെ ലഭ്യതയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേയും താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലും തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വഴി, കൃഷി വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി 15-3-2014-ലെ സ.ഉ.(സാധാ) നം. 530/2014/കൃഷി പ്രകാരം 5.55 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ അഡീഷണൽ ഓതറൈസേഷൻ വഴി 5.1404175 കോടി രൂപ 13-11-2014-ലെ സ.ഉ.(എംഎസ്.)258/2014/എഡി പ്രകാരം അനുവദിച്ചിട്ടുണ്ട്.

"Our Responsibility to Children "(ഒ.ആർ.സി) പദ്ധതി

10 (*280) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഔവർ റസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൺ (ഒ.ആർ.സി.) പദ്ധതി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly